# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്തചോദ്യം നം.450 | 27.09.2011 -ൽ മറുപടിയ്ക്ക് |
|---|---|

### വികലാംഗ ക്ഷേമത്തിനായുള്ള പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി. കെ.എസ്. സലീഖ | | ഡോ. എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) | |
| (എ) | വികലാംഗരുടെ ക്ഷേമത്തിനായി ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണ്; | (എ) | 1. വികലാംഗർക്ക് സ്വയം തൊഴിൽ ചെയ്യുന്നതിന് ബാങ്ക് ലോൺ, ദേശസാൽകൃത ബാങ്കുകൾ മുഖേന സബ്സിഡിയോടുകൂടി അനുവദിച്ചു വരുന്നു<br>2. വികലാംഗർക്ക് മോട്ടോറൈസ്ഡ് ട്രൈസൈക്കിൾ വാങ്ങുന്നതിന് സബ്സിഡി നൽകുന്നു.<br>3. താഴ്ന്ന വരുമാനമുള്ള വികലാംഗർക്ക് വികലാംഗ സഹായ ഉപകരണങ്ങൾ സൗജന്യമായി നിർമ്മിച്ചു നൽകി വരുന്നു.<br>4. വികലാംഗർക്ക് ലോട്ടറി കച്ചവടം ചെയ്യുന്നതിന് സാമ്പത്തിക സഹായം നൽകി വരുന്നു.<br>5. എസ്.എസ്.എൽ.സി. ക്കും പ്ളസ്ടുവിനും ജില്ലാതലത്തിൽ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങി വിജയിച്ച ഓരോ വിഭാഗത്തിലേയും വികലാംഗരായ വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ് നൽകി വരുന്നു.<br>6. 5 വയസ്സുവരെയുള്ള വികലാംഗരായ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും 10000/- രൂപ സ്ഥിര നിക്ഷേപം നൽകുന്നു |

| | | | |
|---|---|---|---|
| | | | 7. കേന്ദ്ര ഗവൺമെന്റിന്റെ കീഴിലുള്ള ദേശീയ വികലാംഗ ധനകാര്യ വികസന കോർപ്പറേഷന്റെ പദ്ധതി പ്രകാരം വികലാംഗർക്ക് വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേന സ്വയം തൊഴിൽ ചെയ്യുന്നതിന് വസ്തു/ഉദ്യോഗസ്ഥ ജാമ്യ വ്യവസ്ഥയിൽ 7 വർഷ കാലാവധിക്ക് വായ്പ നൽകുന്നു.<br>7. കേന്ദ്ര ഗവൺമെന്റിന്റെ ADIP പദ്ധതി പ്രകാരം കേരളത്തിലെ എല്ലാ വികലാംഗർക്കും ആവശ്യമായ വിവിധ തരം വികലാംഗ സഹായ ഉപകരണങ്ങൾ വിതരണം നടത്തി വരുന്നു.<br>8. കേന്ദ്ര ഗവൺമെന്റിന്റെ NPRPD പദ്ധതി പ്രകാരം വികലാംഗ ക്ഷേമ കോർപ്പറേഷൻ മുഖേന കാസർഗോഡ്, പാലക്കാട്, കൊല്ലം ജില്ലകളിൽ വികലാംഗർക്ക് വികലാംഗ പുനരധിവാസ പദ്ധതികൾ നടന്നു വരുന്നു. |
| (ബി) | വികലാംഗർക്ക് സംവരണം ചെയ്തിട്ടുള്ള തൊഴിലവസരങ്ങൾ അവർക്ക് ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) | വികലാംഗരുടെ ക്ഷേമത്തിനുവേണ്ടി പുതിയ പദ്ധതികൾ എന്തെങ്കിലും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കാമോ? | (സി) | പരിശോധിച്ചു തീരുമാനിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ